"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനകാര്യം - പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി ജലജ.ഡി.കമ്മത്ത്-ന്റെ അനധികൃത ഹാജരില്ലായ്മ കാലയളവ് നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1505/2023/LSGD തീയതി,തിരുവനന്തപുരം, 23-07-2023

പരാമർശം:-
1. 15.01.2005 ലെ സ.ഉ. (സാധാ) നം. 186/2005/ത.സ്വ.ഭ.വ.നമ്പർ ഉത്തരവ്
2. 18/06/2010 ലെ സ.ഉ. (Rt) നം. 2015/10/ത.സ്വ.ഭ.വ.നമ്പർ ഉത്തരവ്
3. പഞ്ചായത്ത് ഡയറക്ടറുടെ 02.01.2016ലെ ഇ13-17988/2015 നമ്പർ നടപടിക്രമം
4. പഞ്ചായത്ത് ഡയറക്ടറുടെ 02.07.2020ലെ PAN/8405/2020-E13(DP) നമ്പർ നടപടിക്രമം
5. പഞ്ചായത്ത് ഡയറക്ടറുടെ 03.09.2021ലെ PAN/8405/2020-E13(DP) നമ്പർ നടപടിക്രമം
6. 30.06.2022ലെ PAN/14389/2021-D2(DP) നമ്പർ നടപടിക്രമം
7. പഞ്ചായത്ത് ഡയറക്ടറുടെ 04.02.2022ലെ PAN/5546/2021/E13(DP) നമ്പർ നടപടിക്രമം
8. ശ്രീമതി.ജലജ ഡി കമ്മത്ത് സമർപ്പിച്ച 26.10.2022ലെ അവധി അപേക്ഷ
9. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.03.2023ലെ LSGD/PD/9380/2023-DEB4 നമ്പർ കത്ത്

ഉത്തരവ്

എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്ത് ഓഫീസിൽ അക്കൗണ്ടന്റായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി. ജലജ. ഡി.കമ്മത്തിന് പരാമർശം 1 , 2 ഉത്തരവുകൾ പ്രകാരം 5 വർഷത്തേയ്ക്ക് വീതം കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII (സി) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. തുടർന്ന് പരാമർശം 3 , 4 എന്നിവ പ്രകാരം 01/07/2015 മുതൽ 30/06/2020 വരെയും 01/07/2020 മുതൽ ഒരു വർഷത്തേയ്ക്കും കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII സി പ്രകാരം ഉള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി അവധി ദീർഘിപ്പിച്ചിരുന്നു.

2. ശ്രീമതി. ജലജ. ഡി.കമ്മത്ത് തുടർന്നും ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരാമർശം 5 പ്രകാരം നിരസിക്കുകയും ടിയാളെ മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായി നിയമിക്കുയും ചെയ്തിരുന്നു. എന്നാൽ ശ്രീമതി. ജലജ. ഡി.കമ്മത്ത് ജോലിയിൽ പ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിനാൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (7) പ്രകാരം ടിയാൾ 10.02.2022- ൽ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ് ആയി ജോലിയിൽ പുനഃപ്രവേശിച്ചിട്ടുള്ളതാണ്.

3 ശ്രീമതി ജലജ.ഡി.കമ്മത്ത് കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII സി പ്രകാരമുള്ള അവധിക്ക്

തുടർച്ചയായി അനധികൃത ഹാജരില്ലായ്മയിൽ തുടർന്ന 01.07.2021 മുതൽ 09.02.2022 വരെയുള്ള കാലയളവിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് സമർപ്പിച്ച പരാമർശം (8) പ്രകാരമുള്ള അപേക്ഷ പരാമർശം (9) പ്രകാരം അനുകൂല ശുപാർശയോടെ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി ജലജ ഡി.കമ്മത്ത്- ന്റെ 01.07.2021 മുതൽ 09.02.2022 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് മുൻകാല സേവനം നഷ്ടമാകാത്തവിധം നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടിസെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം
2 .ഡെപ്യൂട്ടി ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ് , പാലക്കാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.ശ്രീമതി.ജലജ ഡി കമ്മത്ത് , അക്കൗണ്ടന്റ് , പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം/തൃശ്ശൂർ
5.ഡയറക്ടർ ഐ കെ എം , തിരുവനന്തപുരം
6.ധനകാര്യവകുപ്പ് ( vide,15.06.2023ലെ 2451602/ഡെവ-1/87/2023-ധന)
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ(ഫയൽ നം.46/ഇപിഎ1/2023-എൽഎസ്ജിഡി)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 20-07-2023 14:47:45
സെക്ഷൻ ഓഫീസർ